# മത്താ 7:15 – 27 (7:21 – 27)

ഫെബ്രുവരി 22 : നോമ്പ് രണ്ടാം ഞായർ

## ഭാഷ്യം

## മത്താ 7:15 – 27 (7:21 – 27)

### I. സന്ദർഭം

a. സുവിശേഷ സന്ദർഭം

ഇന്നത്തെ സുവിശേഷഭാഗത്തിന് മത്തായി ഒരുക്കുന്ന പശ്ചാത്തലം നമ്മൾ ശ്രദ്ധിക്കണം. യേശുവിന്റെ ജനനവും പരസ്യ ജീവിതത്തിനുള്ള ഒരുക്കവുമാണ് സുവിശേഷത്തിന്റെ ആദ്യഭാഗത്ത് (1:1-4:11). തുടർന്ന് യേശു തന്റെ പരസ്യ ജീവിതം ആരംഭിക്കുന്നു (4:12-17). പിന്നീട് മത്തായി വിവരിക്കുന്നത് യേശുവിന്റെ ആദ്യപ്രവർത്തനങ്ങളാണ് (4:18-25). അതിനു ശേഷമുള്ള യേശുവിന്റെ അദ്ധ്യാപനമാണ് മലയിലെ പ്രസംഗം (5:1-7:29). അതിന്റെ സമാപനഭാഗമാണ് ഇന്നത്തെ വായന (7:15-27).

b. ചരിത്ര പശ്ചാത്തലം

*മൂൾച്ചെടി - മുന്തിരിപ്പഴം*

മുന്തിരിപ്പഴവും അത്തിപ്പഴവും പാലസ്തീനായിൽ സുലഭമായ ഏറ്റവും സ്വാദുള്ള പഴങ്ങളാണ്. അവർക്ക് ഏറ്റവും പരിചിതമായതും. മധുരമുള്ളതും ആരോഗ്യദായകവുമായ രണ്ട് പഴങ്ങൾ. എന്നാൽ മുൾച്ചെടിയും ഞെരിഞ്ഞിലും ഫലം തരാത്ത മുൾച്ചെടികളാണ്. അവകൊണ്ട് ഉപദ്രവമല്ലാതെ ഉപകാരമൊന്നുമില്ല. ഉപകാരമൊന്നുമില്ലാത്തവയിൽ നിന്ന് ഏറ്റവും രുചിയുള്ള പഴങ്ങളായ മുന്തിരിയും അത്തിപ്പഴവും പറിക്കാനാവുമോ എന്നാണ് ചോദ്യം. ഇല്ല എന്ന് പാലസ്തീനായിലെ ഏത് കൊച്ചുകുഞ്ഞിനുപോലുമറിയാം.

*ആ ദിവസം (അന്ന്)*

അന്ന്/ആ ദിവസം പലരും എന്നോടു ചോദിക്കും (7:22). 'ആ ദിവസം' എന്ന ഈ പ്രയോഗം മനുഷ്യപുത്രൻ വരുന്ന അന്ത്യവിധിയുടെ ദിവസത്തെയാണ് സൂചിപ്പിക്കുന്നത് (മത്താ 25:31-46). പഴയനിയമ പ്രവാചകരും യുഗാന്ത്യകാലത്തെ സൂചിപ്പിക്കാൻ ഈ പ്രയോഗം ധാരാളമായി ഉപയോഗിച്ചിട്ടുണ്ട് (ആമോ 8:9; 9:11; ഏശ 2:20; സഖ 14:4). "അന്ന് പലരും എന്നോടു ചോദിക്കും..." (7:22) എന്നത് അവസാനവിധിയിലെ സംഭാഷണത്തിലേക്കു തന്നെയാണ് വിരൽ ചൂണ്ടുന്നത് (മത്താ 25;31-46).

### II. പ്രമേയം

സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുന്നതിന്റെ മാനദണ്ഡമാണ് (7:21) ഇവിടെ വിവരിക്കുന്നത്. അതായത് ഒരുവൻ ദൈവപുത്രനാണോ അല്ലയോ എന്ന്

വേർതിരിച്ചറിയാനുള്ള മാർഗ്ഗം. ഇവയ്ക്കുള്ള മാനദണ്ഡം ഒരുവന്റെ പ്രവൃത്തി മാത്രമാണ് (7:23). പിതാവിന്റെ ഇഷ്ടം നിറവേറ്റുക (7:21) എന്നതാണ് ഈ പ്രവൃത്തിയുടെ ഹൃദയം. ഇതാണ് ഒരുവനെ നല്ലഫലം പുറപ്പെടുവിക്കുന്ന നല്ല വൃക്ഷമാക്കുന്നത് (7:16-20).

ഇതെല്ലാം പഠിപ്പിക്കുന്നത് യേശുവാണ്. അവൻ പരിശുദ്ധാത്മാവിനാൽ ജന്മം കൊണ്ടവനാണ് (1:18,20); ആത്മാവിനാൽ നിറഞ്ഞ (3:16) ദൈവപുത്ര നാണ് (3:17). ദൈവതിരുമനസ്സിനുള്ള അനുസരണത്തിലാണ് അവന്റെ ദൈവ പുത്രത്വത്തിന്റെ ഹൃദയം അടങ്ങിയിരിക്കുന്നത് (4:1-11). ഇങ്ങനെ ദൈവ പുത്ര നായ യേശു മലയിലെ പ്രസംഗത്തിൽ പഠിപ്പിക്കുന്നത് ദൈവത്തിന്റെ മകനും മകളും ആകാനുള്ള വഴിയാണ് (5:1-7:29). അവസാനം ദൈവപുത്രനായോ എന്ന് തിരിച്ചറിയാനുള്ള മാനദണ്ഡവും.

# III. സന്ദേശം

1. കർത്താവിന്റെ നാമത്തിൽ പ്രവചനവും, അത്ഭുതവും, ബാധയൊഴിപ്പി ക്കലും നടത്തുന്നവരാണ് ശിക്ഷിക്കപ്പെടുന്നത് (7:22-23). അവരാണ് വചനം അനുസരിച്ച് ജീവിക്കാത്തവർ (7:26). അപ്പോൾ ഒരു കാര്യം വ്യക്തം ദൈവ ഹിതം ചെയ്യാത്തവർക്കും അത്ഭുതം നടത്താനും പ്രവചിക്കാനും കഴിയു മെന്നു സാരം. നിന്റെ അത്ഭുതശക്തിയും പ്രവചനവരവുമൊന്നുമല്ല നിന്നെ രക്ഷിക്കാൻ പോകുന്നത്. മറിച്ച് നീ ദൈവഹിതം ചെയ്യുന്നവനാണോ എന്ന താണ്. അതേപോലെ പ്രവചനം നടത്തുന്നവരുടെയും അത്ഭുതപ്രവർത്തക രുടെയും പുറകേ നീ പോകരുത്. മറിച്ച് ദൈവഹിതം അനുഷ്ഠിച്ചു ജീവി ക്കുന്നവരുടെ അടുത്തേക്കാണ് നീ പോകേണ്ടത് - മാതൃകയ്ക്കും ഉപദേശ ത്തിനുമായി.

2. വചനം രണ്ടുതരം സാധ്യതകളാണ് തുറന്നു തരുന്നത് - ഒന്ന്, അത് അനുസരിച്ചു ജീവിക്കാം; രണ്ട്, അത് അനുസരിക്കാതിരിക്കാം. അങ്ങനെ രണ്ടുതരം വിശ്വാസികൾ ഉണ്ടായി വരുന്നു: വചനം കേൾക്കുന്നവരും; അത് കേട്ടശേഷം അത് അനുസരിക്കുന്നവരും (7:24-26). അതായത് വചനം അറി യുന്നവരും; അതനുസരിച്ച് ജീവിക്കുന്നവുരും. അറിവും ജീവിതവുമാണ് ഇവി ടുത്തെ പ്രധാന ഘടകങ്ങൾ. നിന്റെ അറിവ് നിന്നെ രക്ഷപ്പെടുത്തണമെന്നി ല്ലന്നു സാരം. മറിച്ച് നിന്റെ ജീവിതവും പ്രവൃത്തികളുമാണ് നിന്റെ രക്ഷ യുടെ മാനദണ്ഡം.

3. നല്ല ഫലം തരാത്ത വൃക്ഷം വെട്ടി തീയിലെറിയപ്പെടും (7:19). നിന്റെ സത്പ്രവൃത്തികളാണ് നീ പുറപ്പെടുവിക്കുന്ന നല്ല ഫലങ്ങൾ. എല്ലാ ദിവ സവും സത്പ്രവൃത്തികൾ ചെയ്തുകൊണ്ടിരിക്കുക. നിന്റെ സത്പ്രവർത്തി കൾ മറ്റുള്ളവർക്ക് ഭക്ഷണമാകട്ടെ. അവരുടെ ജീവിതത്തിന് പോഷണവും സന്തോഷവും പകരട്ടെ. നിന്റെ ജീവിതം കൊണ്ട് മറ്റുള്ളവർക്ക് സമാധാ നവും സന്തോഷവുമുണ്ടാകട്ടെ. പ്രത്യേകിച്ച് നിന്റെ പ്രിയപ്പെട്ടവർക്കും നിന്റെ ചുറ്റുമുള്ളവർക്കും. അതിലൂടെയാണ് നീ രക്ഷിക്കപ്പെടുന്നത്.

ഡോ. ജേക്കബ് നാലുപറയിൽ

# പ്രസംഗം: വൃക്ഷവും ഫലവും

നിരീശ്വരവാദിയായ കരീപ്പുഴ ശ്രീകുമാറിന്റെ 'ഗീത' എന്ന മൂന്ന് വരി കവിത ചിന്തോദ്ദീപകമാണ്.

"നിത്യേന ഗീത വായിക്കുകയും
കൊണ്ട് നടക്കുകയും ചെയ്യുന്ന ആളായിരുന്നു ഗാന്ധി.
അങ്ങനെ തന്നെ ഗോഡ്സെയും."

വൃക്ഷത്തെ ഫലത്തിൽ നിന്നും അറിയാമെന്നാണ് സുവിശേഷം പറയുന്നത്. മനുഷ്യരെ പ്രവർത്തികളിൽ നിന്നും. കുരിശുകാണുമ്പോൾ അറിയാതെ വണങ്ങുന്നത് കുരിശിലേറിയ ത്യാഗത്തിന്റെ ആൾരൂപത്തെ ഓർത്ത് പോവുന്നത് കൊണ്ടാണ്. നീല കരയുള്ള വെള്ള സാരി കാണുമ്പോൾ കാരുണ്യത്തിന്റെ അമ്മയെ ഓർക്കുന്നത് ആ ജീവിത വൃക്ഷത്തിൽ കായ്ച്ച ദയയുടെ സദ്ഫലങ്ങൾ കൊണ്ടാണ്. കുഷ്ഠരോഗിയുടെ സഹനത്തെക്കുറിച്ച് വായിക്കുമ്പോൾ ഫാ. ഡാമിയനെ ഓർക്കുന്നത് ആരും പോകാനിഷ്ടപ്പെടാത്ത മൊളൊക്കൊയിൽ അദ്ദേഹം ജീവിച്ച സഹനജീവിതത്തിന്റെ സൗരഭ്യം കൊണ്ടാണ്.

താലിബാൻ എന്ന് കേൾക്കുമ്പോൾ പാക്കിസ്ഥാനിലെ ചേതനയറ്റ കുരുന്നുകളുടെ മുഖം ഓർമ്മ വരുന്നത് ആ വൃക്ഷത്തിൽ കായ്ച്ച ഭീകരതയുടെ കയ്ക്കുന്ന കാട്ടു മുന്തിരിപ്പഴങ്ങൾ കൊണ്ടാണ്. ഐ.എസ്. എന്ന് കേൾക്കുമ്പോൾ കുന്തത്തിൽ കോർത്തു നിർത്തപ്പെട്ട പാവങ്ങളുടെ കാഴ്ച മനസ്സിലേക്കോടിയെത്തുന്നതും ഈ ഫല-വൃക്ഷ ബന്ധത്തിന്റെ നൈരന്തര്യം കൊണ്ട് തന്നെയാണ്.

ഈ ഫല-വൃക്ഷ ബന്ധത്തിന്റെ നൈരന്തര്യം വ്യക്തിജീവിതങ്ങൾക്കും ബാധകമല്ലേ? അപ്പൻ അപ്പനാകുന്നത് ഒരു കുഞ്ഞിനു ജന്മം കൊടുത്തത് കൊണ്ട് മാത്രമാണോ? മറിച്ച് മാതൃകകൊണ്ടും കർമം കൊണ്ടും കുടുംബത്തെ പാലിക്കുമ്പോൾ കൂടിയല്ലേ? അമ്മ അമ്മയാകുന്നത് പത്തുമാസം ചുമന്നത് കൊണ്ട് മാത്രമല്ല; മറിച്ച് മാതൃത്വത്തിന്റെ മഹനീയ മാതൃകകൾ ജീവിതത്തിൽ അനുവർത്തിക്കുന്നത് കൊണ്ടുകൂടിയാണ്. അമ്മ മരത്തിലെ സദ്ഫലങ്ങൾ എത്രയോ പേരുടെ ജീവിതത്തിൽ വെളിച്ചമായി തെളിയുന്നുണ്ട്. പാഠം പഠിപ്പിക്കുന്നവൻ മാത്രമാണോ അധ്യാപകൻ? മറിച്ച് മൂല്യബോധത്തിന്റെ നല്ല ഫലങ്ങൾ പകർന്നു നൽകുന്നവൻ കൂടിയല്ലേ?

ഓരോ ജീവിത വൃക്ഷത്തിലും കായ്ക്കേണ്ട നന്മയുടെ ഫലങ്ങളെക്കുറിച്ച് ഓരോ മനുഷ്യന്റെയും ഹൃദയഫലകങ്ങളിൽ ദൈവം എഴുതിയിട്ടുണ്ട്. എന്നാൽ സ്വാർത്ഥതയുടെ അക്ഷരത്തെറ്റുകൾ പരസ്നേഹത്തിന്റെ ലിപികളെ തോന്ന്യാക്ഷരങ്ങളാക്കുമ്പോൾ ഏശയ്യ വിലപിച്ചത് പോലെ കാട്ടുമുന്തിരികളാണു

Date of Publication: 13 Jan 2015 / Rs. 25/ Karunikan RNI No. KERMAL/2007/19623.
Reg. No.EKM/ 729/ 2015-17

കായ്ക്കുന്നതെന്നു മാത്രം. കൊന്ത കൊണ്ടും കുരിശു കൊണ്ടും ക്രിസ്ത്യാനിയാണെന്നു തിരിച്ചറിയുന്ന കാലമൊക്കെ പോയ്പ്പോയി. ഇനിയുള്ള കാലങ്ങളിൽ കാതലുള്ള വൃക്ഷങ്ങൾ മാത്രമേ കാറ്റ് വീഴ്ചയെ അതിജീവിക്കുകയുള്ളൂ. കാരണം അത്രമാത്രം സൂക്ഷ്മമായ കണ്ണടകൾ കൊണ്ടാണ് സമൂഹം വിശ്വാസിയെ അളക്കുന്നത്.

"ഞാൻ ക്രിസ്തുവിനെ സ്നേഹിക്കുന്നു എന്നാൽ ക്രിസ്ത്യാനിയെ വെറുക്കുന്നു" എന്ന ഗാന്ധി വചനത്തിന്റെ ധ്വനി ചൂഷകരായ ബ്രിട്ടീഷുകാർക്കു നേരെ മാത്രമല്ല, എല്ലാ ശുദ്ധമാന കത്തോലിക്കർക്കും നേർക്കും കൂടിയല്ലേ വിരൽ ചൂണ്ടുന്നത്?

ആദിമ ക്രിസ്ത്യാനികളുടെ ജീവിതത്തെക്കുറിച്ച് ചരിത്രകാരനായ പ്ലീനി ട്രാജൻ ചക്രവർത്തിക്കെഴുതുന്നത് ഇങ്ങനെയാണ്: "അവർ ആഴ്ചയുടെ ആദ്യ ദിവസം ഒരുമിച്ചു കൂടുന്നു. തങ്ങൾക്കുള്ളതെല്ലാം പങ്കുവയ്ക്കുന്നു. അഹിതമായതൊന്നും അവരുടെയിടയിൽ നടക്കുന്നില്ല." ജീവിതം തന്നെ സന്ദേശമാക്കുന്നവർക്ക് ചരിത്രത്തിൽ മരണമില്ല; വർത്തമാനത്തിലും പാശ്ചാത്യ മാധ്യമങ്ങൾ കത്തോലിക്കാ സഭയെ പൊതുവിൽ ആക്രമിക്കുമ്പോഴും ഫ്രാൻസീസ് പാപ്പായെ പുകഴ്ത്തുന്നത് അദ്ദേഹം പുരോഗമന വാദിയായത് കൊണ്ട് മാത്രമല്ല, മറിച്ച് തന്റെ ലളിത ജീവിതം വഴി നടത്തുന്ന ക്രൈസ്തവികതയുടെ പുനർവായനകൾ കൊണ്ട് കൂടിയാണ്.

ഇനി ചോദ്യം ഒന്നേയുള്ളൂ. എന്റെ ജീവിത വൃക്ഷത്തിൽ കായ്ക്കുന്നത് ഞെരിഞ്ഞിലുകളോ അതോ മുന്തിരിയോ? ഉത്തരം എന്റെ ജീവിത വൃക്ഷത്തിന്റെ അടിസ്ഥാന നിലപാടുകളെ ആശ്രയിച്ചിരിക്കുന്നു.

**ഫാ. മാർട്ടിൻ ശങ്കൂരിക്കൽ**

---

*......പേജ് 81-ൽ നിന്ന് തുടർച്ച*

അവസാനമായി, യോഹന്നാൻ എഴുതുന്നു: യേശു തന്റെ മഹത്വം വെളിപ്പെടുത്തുന്നതിനു വേണ്ടി പ്രവർത്തിച്ച അടയാളങ്ങളുടെ ആരംഭമാണ് ഇതെന്ന്. അങ്ങനെ ദൈവത്തിന്റെ മഹത്വം ആദ്യമായി വെളിപ്പെട്ടത് ഒരു വിവാഹ വിരുന്നിലാണ്. വിവാഹമെന്നല്ല എല്ലാ ബന്ധങ്ങളും സൗഹൃദങ്ങളും ദൈവത്തിന്റെ മഹത്വം വെളിപ്പെടാൻ വേണ്ടിയാകണമെന്ന് ഇതിൽ സൂചനയുണ്ട്. ഇടയന്മാരുടെ പക്കലേക്ക് 'സദ്വാർത്ത'യുമായി മാലാഖയെത്തിയപ്പോൾ ലൂക്കാ രേഖപ്പെടുത്തുന്നു: "കർത്താവിന്റെ മഹത്വം അവരുടെ മേൽ പ്രകാശിച്ചു" (ലൂക്കാ 2:9). കർത്താവിന്റെ മഹത്വം നമ്മിൽ വെളിവാക്കത്തക്ക വിധവും പ്രകാശിക്കത്തക്കവിധവും ജീവിതം ക്രിസ്തുവെന്ന മുന്തിരിച്ചെടിയുടെ വേരിനു നൽകാം; വീഞ്ഞ് മുന്തിരിച്ചെടിയുടെ ചോരയാണെന്ന സത്യം ഓർത്ത് കൊണ്ട്.

**ഫാ. സെബാസ്റ്റ്യൻ തോബിയാസ്**

*Printed, Published, Edited by Fr. Jacob Naluparayil, MCBS House, Perumanoor P.O, Kochi -15, Printed at Viani Printings, Kochi - 18*